(ബി) ഐ.റ്റി. അറ്റ് സ്കൂൾ പദ്ധതിക്കായി 2002-2003-ൽ 400 ലക്ഷം രൂപ വിനിയോഗിച്ചു. 2003-2004 വർഷത്തേയ്ക്ക് 400 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ടി തുക വിനിയോഗിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ധനകാര്യ കമ്മീഷന്റെ ശുപാർശപ്രകാരം അനുവദിച്ച 121.06 ലക്ഷം രൂപയും വിനിയോഗിച്ചു കഴിഞ്ഞു.

സർവ്വ ശിക്ഷാ അഭിയാൻ പദ്ധതി

93 (2033) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർവ്വശിക്ഷാ അഭിയാൻ നടപ്പിലാക്കുന്ന വിദ്യാഭ്യാസ മേഖലയിലെ പ്രവർത്തനങ്ങൾ എന്തെല്ലാമാണ് ;

(ബി) ഇതിനായി ഈ സാമ്പത്തിക വർഷം അനുവദിച്ച തുകയുടെ വിനിയോഗത്തിന് ജില്ലാ പഞ്ചായത്തുകളുടെ കീഴിൽ എം.എൽ.എ. മാരെ കൂടി ഉൾപ്പെടുത്തുന്ന പ്രത്യേക സംവിധാനം ഉണ്ടാകുമോ എന്ന് വ്യക്തമാക്കുമോ ;

(സി) ഇല്ലെങ്കിൽ സർവ്വ ശിക്ഷ അഭിയാൻ പദ്ധതി നടപ്പിലാക്കുന്നതിൽ എം.എൽ.എ. മാരുടെ പങ്കാളിത്തം എന്താണെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) (1) ഗുണനിലവാരം ഉയർത്തുന്നതിനുള്ള പ്രവർത്തനങ്ങൾ. അദ്ധ്യാപക പരിശീലനം, സൗജന്യ പാഠപുസ്തക വിതരണം, അദ്ധ്യാപകർക്കുള്ള പഠനോപകരണ കിറ്റ്, സ്കൂൾ ഗ്രാന്റ്, വി.ഇ.സി. ട്രെയിനിംഗ് ആൾട്ടർനേറ്റീവ് സ്കൂളിംഗ്, പ്രത്യേക പരിഗണന അർഹിക്കുന്ന വിദ്യാർത്ഥികൾക്ക് വേണ്ടിയുള്ള പ്രവർത്തനങ്ങൾ.

2. നിർമ്മാണ പ്രവർത്തനങ്ങൾ :-

പ്രധാനമായും ക്ലാസ്സ് മുറികളുടെയും സ്കൂൾ കെട്ടിടങ്ങളുടെയും നിർമ്മാണം ഉൾപ്പെടെ സ്കൂളുകളുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ ഇതിൽ ഉൾപ്പെടും.

(ബി & സി) ജില്ലാ പഞ്ചായത്ത് പ്രസിഡന്റും ജില്ലയിലെ എം.എൽ.എ. മാരും ഉൾപ്പെടുന്ന ജില്ലാ പ്ലാനിംഗ് കമ്മിറ്റിയാണ് എസ്.എസ്.എ. പ്രോഗ്രാമിന്റെ വാർഷിക പദ്ധതി തയ്യാറാക്കുന്നത്. ജില്ലയിലെ പ്രോഗ്രാമുകൾ അവലോകനം നടത്തുന്നതിനും ജില്ലാ പ്ലാനിംഗ് കമ്മിറ്റിക്ക് ഇപ്പോൾ പങ്കുണ്ട്.

സർവ്വ ശിക്ഷ അഭിയാൻ പദ്ധതിക്ക് കാസർഗോഡ് ജില്ലയിൽ അനുവദിക്കപ്പെട്ട ഫണ്ട്

94 (2034) ശ്രീ. എം. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നടപ്പ് അദ്ധ്യയന വർഷത്തിൽ ആരംഭിച്ച സർവ്വ ശിക്ഷാ അഭിയാൻ പദ്ധതിക്ക് കാസർഗോഡ് ജില്ലയിൽ അനുവദിക്കപ്പെട്ട ഫണ്ട് എത്രയാണെന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത ഫണ്ട് ഏതൊക്കെ ആവശ്യങ്ങൾക്കാണ് ചെലവഴിക്കേണ്ടതെന്ന് എന്തെങ്കിലും നിർദ്ദേശം നിലവിലുണ്ടോ ; ഉണ്ടെങ്കിൽ വിശദവിവരങ്ങൾ വെളിപ്പെടുത്തുമോ ;

(സി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനാവശ്യമായ ജീവനക്കാരെ നിയമിക്കാത്തത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ അത് പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 664. 11 ലക്ഷം രൂപ.

(ബി) ഉണ്ട്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. നിർമ്മാണ പ്രവർത്തനങ്ങൾ

സ്കൂൾ കെട്ടിടം, ക്ലാസ് മുറി, ബി.ആർ.സി. കെട്ടിടം, സി.ആർ.സി. കെട്ടിടം, സ്കൂൾ ചുറ്റുമതിൽ, ടോയ്ലറ്റ്, ക്ലാസ്സ് ഇടഭിത്തി, കുടിവെള്ള സൗകര്യം ഒരുക്കൽ, സ്കൂൾ വൈദ്യുതീകരണം, അറ്റകുറ്റപ്പണികൾ എന്നിവ ഉൾപ്പെടും.

2. ഗുണനിലവാരം ഉയർത്തുന്നതിനുള്ള പ്രവർത്തനങ്ങൾ.

അദ്ധ്യാപക പരിശീലനം, സൗജന്യ പാഠപുസ്തക വിതരണം, അദ്ധ്യാപകർക്കുള്ള പഠനോപകരണ കിറ്റ്, സ്കൂൾ ഗ്രാന്റ് വി.ഇ.സി. ട്രെയിനിംഗ് ആൾട്ടർനേറ്റീവ് സ്കൂളിംഗ്, പ്രത്യേക പരിഗണന അർഹിക്കുന്ന വിദ്യാർത്ഥികൾക്ക് വേണ്ടിയുള്ള പ്രവർത്തനങ്ങൾ.

(സി) ഇല്ല. എസ്.എസ്.എ. പദ്ധതി നടപ്പിലാക്കുന്നത് വിദ്യാഭ്യാസ വകുപ്പിലെ നിലവിലുള്ള അതത് ഡെപ്യൂട്ടി ഡയറക്ടർമാരുടെ മേൽ നോട്ടത്തിലാണ്. കാസർഗോഡ് ജില്ലയിലെ ഏഴു ബി.ആർ.സി. യുടെ ചുമതല വഹിക്കേണ്ട പ്രോഗ്രാം ഓഫീസർമാരെയും നിയമിച്ചുകഴിഞ്ഞു. ഇതിന് വേണ്ട ജില്ലാ ഓഫീസർമാരുടേയും അനുബന്ധ ഉദ്യോഗസ്ഥന്മാരുടേയും നിയമന നടപടി പൂർത്തിയായി വരുന്നു.

എസ്.എസ്.എൽ.സി. പരീക്ഷയിലെ റാങ്ക് നിർണ്ണയത്തിൽ വരുത്താനുദ്ദേശിക്കുന്ന മാറ്റങ്ങൾ

95 (2035) ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2003 മാർച്ചിലെ എസ്.എസ്.എൽ.സി. പരീക്ഷയിൽ (2002-03) എത്ര വിദ്യാർത്ഥികൾ പരീക്ഷ എഴുതി ;

(ബി) എസ്.എസ്.എൽ.സി. പരീക്ഷാഫലം പുനഃപരിശോധനയ്ക്കായി എത്ര വിദ്യാർത്ഥികൾ അപേക്ഷിച്ചു ;

LIBRARY ARCHIVES Kerala Legislative Assembly